മിസ്സിസ് കെ. എം. ആർ. മേനോൻ: അതുമാതിരി ഇവിടെയും കൺട്രോൾ എടുത്തു കളഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ വല്ല ഏർപ്പാടും ചെയ്യുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതുകൊണ്ടാണു ഡി കൺട്രോൾ ചെയ്തിട്ടു കൺട്രോൾ എടുത്തുകളയുമെന്നു പറയുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: കരിപ്പെട്ടി ചക്കരയെന്നുള്ളതിനു് കരിനിയമം പോലെയുള്ള ഒരർത്ഥത്തിലാണോ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്?

Mr. President: It is a frivolous question; that need not be answered.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൗണ്ടർ: ചിറ്റൂർ താലൂക്കിൽ നിന്നും ഇതു് ബ്രിട്ടീഷിലേക്കു കൊണ്ടുപോകുവാൻ പെർമിറ്റു കൊടുക്കുന്നുണ്ടു്. അപ്പോൾ ചിറ്റൂരിൽ നിന്നും തൃശ്ശിവപേരൂക്കു് കൊണ്ടുപോകുവാൻ പെർമിറ്റു കൊടുക്കാത്തതു എന്തുകൊണ്ടാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആലോചിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ ശർക്കരക്കു് പകരം വിലയെ കൊടുക്കണ്ടതുള്ളുവെന്നു് കച്ചവടക്കാരെ അറിയിച്ചിട്ടുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education)*: I don't think it is to the interest of the public to disclose all that has taken place.

HYDRO E-LECTRIC DEPARTMENT—WORK ENTRUSTED TO CONTRACTORS

166. Mr P. K. Dewer *(Nominated)*: Will Government be pleased to state.—

(*a*) the number of works entrusted for execution to contractors by the Hydro-Electric Department;

(*b*) the number of works entrusted after calling for tenders and the number of works entrusted without calling for tenders;

(*c*) the number of cases in which lowest tenders were rejected and works entrusted to others at higher rates and the reasons for doing so?

Rao Bahadur T. K. Nayar *(Prime Minister)*:

(*a*) 20.

(*b*) 15 and 5 respectively.

(*c*) Nil.

മിസ്റ്റർ പി. കെ. ഡിവർ: P. W. D. യിലേയും ഹൈഡ്രോ ഇലക്ട്രിക്കിലേയും കൂടി താരതമ്യപ്പെടുത്തി നോക്കിയാൽ ഹൈഡ്രോ ഇലക്ട്രിക്കിൽ കുറഞ്ഞ ടെണ്ടർ സ്വീകരിക്കാതെ കൂടിയ ടെണ്ടറിനു കൊടുത്തിട്ടുണ്ടെന്നറിയുന്നുണ്ടു്. ഈ സ്ഥിതിക്കു് അതിന്റെ വ്യത്യാസം എന്താണെന്നുള്ളതു് മന്ത്രി പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: താരതമ്യേന നോക്കീട്ടുണ്ടായിരിക്കും. അതിനെപ്പറ്റി വിശദമായി പറയണമെങ്കിൽ നോട്ടിസ്സു് വേണം.

മിസ്റ്റർ പി. കെ. ഡിവർ: കുറഞ്ഞ ടെണ്ടറിനു തന്നെ കൊടുത്തു കൊള്ളണമെന്നില്ലേ?

റാവുബഹദൂർ ടി. കെ. നായർ:— അങ്ങിനെ കൊടുത്തിട്ടുണ്ടാകും.

SALT SUPPLY—AGREEMENT WITH CONTRACTORS

167. Mr. P. Mani *(Kanayannur)*: Will Government be pleased to state.—

(*a*) the names of the contractors who were entrusted with the supply of salt for 1122 showing the quantities which each agreed to supply during that year and the respective rates at which they agreed to supply;

(*b*) whether they have supplied the full agreed quanity during that year;

(*c*) if not what was the balance quantity that remains to be supplied and what action did the Government take for the default?

Mr. Parambi Lonappen *(Minister for Revenue)*:

(*a*) Messrs. Mohamed Ibrahim Mohamed Jaffer & Co., Bombay.
3 lakhs mds. of salt at Rs. 125—5—0 per 100 mds.

(*b*) No.

(*c*) 1,30,098 mds. The matter is pending consideration.

മിസ്റ്റർ പി. മാണി:— ഇതുയും ഉപ്പു് ആ കൺട്രാക്ടർ തരാതിരുന്നതിനുള്ള കാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ ഉപ്പു കിട്ടുവാൻ വളരെ വിഷമമായിട്ടുണ്ടെന്നുള്ളതാണു് അയാളുടെ സങ്കട ഹർജ്ജി.

LIBRARY ARCHIVES Kerala Legislative Assembly